ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് ബസ് റൂട്ട് ആലപ്പുഴ വഴിയാക്കാൻ നടപടി

161 [618] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നുമുള്ള കൊടുങ്ങല്ലൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് തിരുവനന്തപുരത്തുനിന്നും വരുമ്പോൾ റൂട്ട് കോട്ടയം വഴിയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം വരുമ്പോൾ പ്രതിദിനം ശരാശരി 6000 രൂപയുടെ കളക്ഷൻ കുറവുണ്ടാകുന്നത് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബസ്സിന്റെ റൂട്ട് മുമ്പ് ഉള്ളതുപോലെ ആലപ്പുഴ വഴിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 6000 രൂപയുടെ കുറവ് ഉണ്ടാകുന്നുണ്ട് എന്ന് പറയുന്നത് ശരിയല്ല. ജനുവരി മാസത്തെ കളക്ഷൻ പരിശോധിച്ചതിൽ ശരാശരി 2270 രൂപയുടെ കുറവ് കാണുന്നുണ്ട്.

(സി) നാഷണലൈസ്ഡ് റൂട്ടായ എം.സി. റോഡിൽ യാത്രാ സൗകര്യം നൽകുന്നതിനുവേണ്ടിയാണ് പ്രസ്തുത സർവ്വീസ് എം.സി. റോഡ് വഴി പോകുന്നത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ ചുമതല

162 [619] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തമ്പാനൂർ ബസ്സ് സ്റ്റാന്റിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ ജോലി എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബസ്സുകൾ യാത്രക്കാരെ കയറ്റി പിന്നോട്ടെടുക്കുമ്പോഴും ബസ്സിൽ കയറാൻ വരുന്നവരും ഇറങ്ങി പോകുന്നവരുമായ യാത്രക്കാരുടെമേൽ ബസ്സിടിച്ച് അപകടമുണ്ടാകാതെ നോക്കുന്നതിന് ഈ സെക്യൂരിറ്റി ജീവനക്കാർ വീഴ്ച വരുത്തുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവർക്കെതിരെ തക്കതായ ശിക്ഷാനടപടി സ്വീകരിക്കുമോ ;

(ഡി) വണ്ടികൾക്ക് നിശ്ചയിച്ചിട്ടുള്ള ഇലൈറ്റിംഗ് പോയിന്റിൽമാത്രം അവ നിർത്തി യാത്രക്കാരെ ഇറക്കാൻ ഏർപ്പാടുണ്ടാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആകെ 18 പേരെ നിയമിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്വത്തുക്കളും മുതലുകളും സംരക്ഷിക്കുക, ബസ്സ് സ്റ്റേഷൻ ഉപയോഗിക്കുന്ന യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുക എന്നിവയാണ് സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ പ്രധാനപ്പെട്ട ജോലികൾ.

(ബി) മനഃപൂർവ്വം വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇത്തരത്തിൽ ഏർപ്പാട് ഇപ്പോഴും നിലവിലുണ്ട്.

മാള മണ്ഡലത്തിൽ മിനി ബസ്സുകളും ഫാസ്റ്റുകളും അനുവദിക്കാൻ നടപടി

163 [620] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജക മണ്ഡലത്തിലേക്ക് മിനി ബസ്സുകൾ നാളിതുവരെ അനുവദിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) മാളയിൽ നിന്നു കോട്ടയത്തേക്ക് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എം.എൽ.എ. ഫണ്ടിൽ നിന്നും 28 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം എന്ന് ഉദ്ഘാടനം നടത്തും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മിനി ബസ്സുകളുടെ ദൗർലഭ്യം കൊണ്ടാണ് അനുവദിക്കാത്തത്.

(ബി) ബസ്സിന്റെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly